മില്ലാ എന്നു്. ഗവണ്മെന്റു നിലവാരത്തിൽ തന്നെ ഈ രണ്ടുകൊല്ലത്തെ ഇടകൊണ്ടു് ഇതിന്റെ പോരായ്മകളും വല്ലതും കണ്ടുപിടിച്ചു അതിനു വല്ലതും ഗവണ്മെന്റിനു ചെയ്യാവുന്നതാണെങ്കിൽ ഗവണ്മെന്റിനു ചെയ്യണം. അല്ലാത്ത പക്ഷം ഈ നിയമസഭയിൽവച്ചുകൊണ്ടു തന്നെ നിയമപരമായി ഭേദഗതി ചെയ്യണം എന്നുള്ള ഉദ്ദേശത്തിലാണു്. അല്ലാതെ എല്ലാക്കാലത്തേക്കും ഈ അധികാരം വച്ചുകൊണ്ടിരിക്കണമെന്നുള്ളതല്ല. നിയമത്തിനു വല്ല ഭേദഗതിയും വേണമെന്നുണ്ടെങ്കിൽ അതിനു ഭേദഗതി അവതരിപ്പിക്കാമായിരുന്നു. ഈ ബിൽ പൊതുവേ സ്വാഗതാർഹമാണെന്നുള്ള അഭിപ്രായമാണു് സഭയുടെ എല്ലാ ഭാഗത്തുനിന്നും ഉണ്ടായിട്ടുള്ളതു്. ഞാൻ പൊതുവെ ഈ ബില്ലിനെ സംബന്ധിച്ചു ഈ സഭയിലുണ്ടായ അഭിപ്രായഗതിയെ സ്വാഗതം ചെയ്യുന്നു.

ശ്രീ. എം. നാരായണക്കുറുപ്പു് : ഈ കേരളത്തിലാകെ ബാധകമാകത്തക്ക നിലയിൽ ഒരു ഇംപ്രൂവുമെന്റു ട്രസ്റ്റുണ്ടാക്കുന്ന കാര്യത്തിൽ ഗവണ്മെന്റിന്റെ നിലപാടു് എന്താണു് ?

ശ്രീ. കെ. എ. ദാമോദരമേനോൻ : ഞാൻ ആദ്യമേ പറഞ്ഞു. ഇംപ്രൂവുമെന്റു ട്രസ്റ്റുണ്ടാക്കുന്നതിനു ഗവണ്മെന്റു അനുകൂലമാണു്. ഇംപ്രൂവുമെന്റു ട്രസ്റ്റിനുവേണ്ടി തിരുവനന്തപുരം കാർപ്പറേഷനു ഒരു ഇംപ്രൂവുമെന്റു ട്രസ്റ്റുണ്ടാക്കുന്ന അവസരത്തിൽ അതേപ്പറ്റി ആലോചിച്ചിരുന്നതാണു്. സാമ്പത്തിക പരാധീനതയാണു് അതിന്റെ പുരോഗതിക്കു തടസ്സമായി നിൽക്കുന്നതു്. നാലാം പഞ്ചവത്സരപദ്ധതിക്കാലത്തു വേണമെന്നു്, അല്ല നിർബന്ധമായി അതു നടപ്പിലാക്കാൻ ആലോചിക്കുന്നുണ്ടു്. അതോടൊപ്പംതന്നെ ആ നിയമവും കൊണ്ടുവരാം. അല്ലാതെ നിയമം മാത്രമുണ്ടാക്കിയതുകൊണ്ടു ഗുണമില്ലല്ലോ!

ശ്രീ. ഈ. പി. ഈപ്പൻ : കോഴിക്കോട്ടു കാർപ്പറേഷനെ സംബന്ധിച്ചിടത്തോളം ചിറമ്മനയല്ല പെറമ്മനയും തന്നെയാണു് എടുത്തിട്ടുള്ളതെന്നു പറഞ്ഞു. അപ്പോൾ തിരുവനന്തപുരം കാർപ്പറേഷനോടു ചിറമ്മനയുംതന്നെയാണോ എടുത്തിരിക്കുന്നതു് ?

ശ്രീ. കെ. എ. ദാമോദരമേനോൻ : ഞാൻ അങ്ങനെയല്ലാ പറഞ്ഞതു്. എന്തെങ്കിലും അവശതയുള്ള ഒരു മകനോടു സാധാരണയായി അമ്മമാർക്കു കൂടുതൽ ആനുകൂല്യം കാണിക്കും. അതുപോലെ കോഴിക്കോട്ടു കാർപ്പറേഷനെ സംബന്ധിച്ചിടത്തോളം കുറെ അവശതകളും ഉള്ളതുകൊണ്ടു കുറച്ചു വാത്സല്യം കൂടുതൽ അങ്ങോട്ടാണു് കാണിക്കുന്നതെന്നാണു് പറഞ്ഞതു്. ബഹുമാനപ്പെട്ട മെമ്പർ അതിനെക്കുറിച്ചു ആ നിഗമനത്തിൽ എത്തുന്നതു ശരിയല്ല.

The question that the Calicut City Municipal (Amendment) Bill, 1963, be passed was put and carried.

The Bill was passed.

[Deputy Speaker in the Chair]

The General Sales Tax (Validation) Bill, 1964 (*Contd.*)

Chief Minister (**Shri R. Sankar**): Sir, I move that the General Sales Tax (Validation) Bill, 1964, as reported by the Select Committee, be taken into consideration.

Shri George Joseph Podipara: I second it.

ശ്രീ. ആർ. ശങ്കർ : സർ, കഴിഞ്ഞദിവസം ഈ ബിൽ ഇവിടെ അവതരിപ്പിച്ചപ്പോൾ, ഇങ്ങനെ ഒരു ബിൽകൊണ്ടുവരാൻ പ്രേരണ നൽകിയ സാഹചര്യങ്ങളെപ്പറ്റി ഞാനിവിടെ വിശദീകരിക്കയുണ്ടായി. 1125-ലെ സെയിൽസ് ടാക്സ് നിയമത്തിലെ ഷെഡ്യൂളിൽ കൊടുത്തിരുന്ന രണ്ടുപദങ്ങൾക്കു കോടതി നൽകിയ വ്യാഖ്യാനമാണു് ഇതിനു് ബുദ്ധിമുട്ടുണ്ടാക്കിത്തീർത്തതു്.

LIBRARY ARCHIVES Kerala Legislative Assembly

അതു 'ക്യാഷ്യൂനട്ട് ഇൻക്ലൂഡിംഗ് കണ്ണൽ,' കോക്കനട്ട് 'ഇൻക്ലൂഡിംഗ് കൊപ്ര' എന്നുള്ളതാണ്. അതിനെ രണ്ടിനെപ്പറ്റിയും ഉള്ള നികുതിയെസംബന്ധിച്ചു കോടതിവിധിച്ചതു ആ വാക്കുകൾക്കു ന്യായമായി കൊടുക്കാവുന്ന വ്യാഖ്യാനമെന്താണെന്നു കാണിച്ചുകൊണ്ടാണ്. കോടതിയുടെ നിർവ്വചനം.

> 'Section 5 (vii) of that Act means cashewnut inclusive of its Kernel that is, the whole or unshelled nut with Kernel inside.'

എന്നുമാത്രമായിരുന്നു. അതിന്റെ ഫലമായി അകത്തു പരിപ്പോട് കൂടിയ കശു അണ്ടിയല്ലാതെ ഈ സെക്ഷന്റെ ഉദ്ദേശപരിധിയിൽ വരികയില്ല. അപ്പോൾ Kernel മാത്രം വരികയില്ല എന്നായി. അവസാനത്തെ പായിന്റിൽ സിംഗിൾപോയിന്റു് ടാക്സു വയ്ക്കുക എന്നുള്ളതാണു് വ്യവസ്ഥ. ഈ ക്യാഷ്യൂനട്ടിന്റെ കാര്യത്തിൽ അങ്ങനെ വയ്ക്കാം. എന്നാൽ ഈ Kernel-നു് അങ്ങനെ വയ്ക്കാൻ പാടില്ലാ എന്നുമാണു്. അപ്പോൾ Kernel നു് ബഹുമുഖവില്പന നികുതി വിധേയമാകും. അതു ഒഴിവാക്കാനും അതുപോലെതന്നെ ''കോക്കനട്ട് ഇൻക്ലൂഡിംഗ് കൊപ്രാ,'' അതിൽ തേങ്ങാ കൊപ്രായോടു കൂടിയതു എന്നേ ഇതിൽ അർത്ഥമുള്ളൂ, കൊപ്രാ മാത്രം എന്ന അർത്ഥമില്ല എന്നുള്ള വ്യാഖ്യാനം വന്നു. ഇതു ഒഴിവാക്കാൻ വേണ്ടീട്ടാണു് ഈ ഭേദഗതി നിയമം ഇവിടെ കൊണ്ടുവരികയുണ്ടായതു്.

സർ, കഴിഞ്ഞ കൊല്ലത്തെ പുതിയ വില്പന നികുതി ആക്ടു പ്രകാരം ഈ ബുദ്ധിമുട്ടു ഉണ്ടാകരുതെന്നു കരുതി അതിൽ ഭേദഗതി വരുത്തീട്ടുണ്ടു്. അവയുടെ പദപ്രയോഗം.

'Cashewnut with or without shell'

'Cocoanut and copra'

എന്നുമായി മാറ്റി. അപ്പോൾ ഇതുമൂലം ഉണ്ടായ കഴപ്പം ഇനി ഉണ്ടാകുകയില്ല. എന്നാൽ 1958-ൽ ഈ ബിൽ വരുന്നതുവരെ ഈ ഇടക്കാലത്തേക്കു നികുതി അസ്സസ്സു് ചെയ്യുകയും ഈടാക്കുകയുമൊക്കെ ചെയ്തിട്ടുണ്ടു്. അപ്പോൾ ഈ പുതിയ ബില്ലിലെ വ്യവസ്ഥകൊണ്ടു പ്രയോജനമില്ല. അതുകൊണ്ടു് ഒരു അമെൻറുമെൻറു കൊണ്ടുവരണമെന്നു വിചാരിച്ചു. അതിനു ഈ അമെൻറുമെൻറു ബിൽ 125-ലെ ജനറൽ സെയിൽസുടാക്സു് നിയമത്തിന്റെ അമെൻറുമെൻറു ബില്ലായിട്ടാണു് കൊണ്ടുവന്നതു്. പുതിയ ബിൽ കൊണ്ടുവരിക എന്നു പറഞ്ഞാൽ 125 ലെ സെയിൽസുടാക്സു് ബില്ലിന്റെ അമെൻറുമെൻറായി പോയി. അങ്ങനെ അമെൻറുമെൻറുബിൽ നമുക്കു ഉപേക്ഷിക്കേണ്ടിവന്നു. പിന്നീടു് ഒരു ആർഡിനൻസുമൂലം ഈ നിയമം നടപ്പാക്കി. ആ ആർഡിനൻസിനെ റീപ്ലേസു് ചെയ്യാൻ വേണ്ടിയുള്ള ഒരു ബില്ലാണു് ഇതു്. ഇതു സംബന്ധിച്ചു ചില സംശയങ്ങളും ചില ബഹുമെമ്പറന്മാർ ഉന്നയിച്ചു. ഈ ഇടക്കാലത്തേക്കു ഇങ്ങനെ ഒരു നിയമം വേണമോ എന്നുള്ള സംശയം ഉന്നയിച്ചു. സെലക്ടുകമ്മിറ്റി അതേപ്പറ്റി കൂലങ്കഷമായി പഠിച്ചു പരിശോധിച്ചു. അതിനുശേഷം ഒരു മാറ്റവും വരുത്തേണ്ടതില്ലാ, ഈ ബിൽ അതേപടി പാസ്സാക്കേണ്ടതാണു് എന്നു പറഞ്ഞു് വീണ്ടും സഭയിലേക്കു അയച്ചിരിക്കുകയാണു്.

സർ, ഇതു ഈ ആർഡിനൻസു് റീപ്ലേസു് ചെയ്യാനുള്ള ഒരു ബില്ലായതുകൊണ്ടു ഒട്ടും കാലതാമസം പാടില്ലാ. അതുകൊണ്ടീബിൽ എത്രയും വേഗം പാസ്സാക്കിത്തരണമെന്നു് ഈ സഭയോടു അപേക്ഷിക്കുകയാണു്.

The question that the General Sales Tax (Validation) Bill, 1964, as reported by the Select Committee, be taken into consideration was put and carried.

The Bill was taken into consideration.

LIBRARY ARCHIVES Kerala Legislative Assembly

Clauses 2 to 4

11 A. M.] **Deputy Speaker :** There are no amendments to Clauses 2 to 4.

The question that Clauses 2 to 4 stand part of the Bill was put and carried.

Clauses 2 to 4 were added to the Bill.

Clause 1, Preamble and Title

Deputy Speaker : There are no amendments.

The question that Clause, 1 Preamble and Title stand part of the Bill was put and carried.

Clause 1, Preamble and Title were added to the Bill.

Chief Minister (**Shri R. Sankar**): Sir, I move that the General Sales Tax (Validation) Bill, 1964 be passed.

Minister for Industries (**Shri K. A. Damodara Menon**): I second it.

ശ്രീ. ഈ. പി. ഗോപാലൻ : ഈ ബില്ലിന്റെ മൂന്നാംവായന സമയത്തു അതിനെ പിൻതാങ്ങുന്നതോടുകൂടി ഒരു വസ്തുത ചൂണ്ടിക്കാണിക്കേണ്ടതുണ്ടു്. മുഖ്യമന്ത്രി ഇവിടെ സൂചിപ്പിച്ചു ഈ ഭേഗതി ബിൽ നേരത്തേ കൊണ്ടുവരാൻ കഴിയാത്തതു് 62-ലെ നിയമം പാസ്സായിക്കഴിഞ്ഞതുകൊണ്ടാണു് എന്നു്. 62-ലെ നിയമം ഈ കാര്യത്തിൽ പുതിയ നിയമമാണു്. പഴയനിയമത്തിനാണു് ഭേഗതി അവതരിപ്പിച്ചിരുന്നതു്. അതുകൊണ്ടു് ഈ ഭേഗതി നിയമം മുമ്പോട്ടു കൊണ്ടുപോകാൻ കഴിഞ്ഞില്ല. 62–ലെ സെയിൽസ് ടാക്സു നിയമം നടപ്പായിക്കഴിഞ്ഞതിനുശേഷം കൊപ്രയുടേയും കശുവണ്ടിയുടേയും കാര്യത്തിൽ വിഷമം ഉണ്ടായിട്ടില്ല. അതിനുമുമ്പുള്ള ടാക്സിന്റെ കാര്യത്തിലാണു് കോടതിവ്യവഹാരങ്ങളുണ്ടു് കുഴപ്പം ഉള്ളതു്. ഈ വാലിഡേഷൻബിൽ കൊണ്ടുവരുമ്പോഴേയ്ക്കും ഒന്നരക്കൊല്ലത്തിലധികം കാലം കഴിഞ്ഞിരിക്കുന്നു. ഈ ഒന്നരക്കൊല്ലത്തെ കാലതാമസം ഒഴിവാക്കാമായിരുന്നില്ലേ? ഇതിനുമുമ്പുതന്നെ, ഇത്തരം ഓർഡിനൻസും മറ്റുമുള്ള നിയമനിർമ്മാണവും ആവാമായിരുന്നില്ലേ? കാലതാമസം വരുത്തിയതാണിവിടെ മുഖ്യപ്രശ്നം. താമസിപ്പിച്ചതു് തെറ്റാണു്. നികുതിദായകരെ വിഷമിപ്പിക്കാനാണിതുപകരിക്കുന്നതു്. ഈ കാലത്തു് അസസ്സ്മെന്റു് നടത്തിയില്ലേ? കലക്ഷൻ നടത്തിയില്ലേ? ഇല്ലെങ്കിൽ അതു മുഴുവൻ നടത്താൻ ഇപ്പോഴും അനുവാദം തേടുന്നതു് കഷ്ടമാണു്. ഈ ഒന്നരക്കൊല്ലത്തിനുള്ളിൽ ഒരു നിയമം കൊണ്ടുവരാത്തതിന്റെ ഫലമായി കച്ചവടക്കാർക്കു് വിഷമം വന്നിട്ടുണ്ടു്. അസസ്സു് ചെയ്യുകയില്ല എന്നു് ധരിച്ചുവരുണ്ടു്. നിയമം ഇല്ലല്ലോ പിന്നെ എങ്ങനെ നികുതി പിരിക്കും? ഈ ഒന്നരക്കൊല്ലത്തിനകത്തു നടത്തിയ അസസ്സ്മെന്റു് ഒഴിവാക്കി എടുക്കാൻ കഴിയുമോ എന്നു സിലക്ഷൻകമ്മിറ്റി പരിശോധിച്ചു. ഇതു് ഒഴിവാക്കിക്കൊടുക്കുവാൻ യാതൊരു മാർഗ്ഗവും കണ്ടില്ല. ഇതു് നികുതി പിരിവിനെ സാരമായി ബാധിക്കും എന്നുകണ്ടു് കൊപ്രായുടെ കാര്യത്തിലും തേങ്ങയുടെ കാര്യത്തിലും വലിയ പ്രത്യാഘാതങ്ങളാണുണ്ടാവുക എന്നു് വിവരിക്കപ്പെട്ടുകയുണ്ടായി. ഇങ്ങനെയൊക്കെത്തന്നെ ആയാലും ഈ നിയമനിർമ്മാണം കൊണ്ടുവരുന്നതിനു കാലതാമസം വന്നിട്ടുണ്ടെന്നുള്ളതു തീർച്ചയാണു്. ആ കാലതാമസം ഒഴിവാക്കാമായിരുന്ന ബിൽ കൊണ്ടുവരാൻ കാലതാമസം വരുത്തിയതിനു് ഒരു സാധുകരണവും ഇല്ല. ഒന്നരക്കൊല്ലം ഈ കാര്യത്തിൽ ഒരു വാക്വം സൃഷ്ടിക്കപ്പെട്ടു എന്നുള്ളതു ഗുണകരമല്ല. അതുകാരണമാണു് യഥാർത്ഥത്തിൽ കുഴപ്പം വന്നതു്. ഇതു് ഒഴിവാക്കപ്പെടാമായിരുന്നു. നിയമസഭ ഇല്ലാതിരുന്നപ്പോൾ ആർഡിനൻസ് പുറപ്പെടുവിക്കുകയും നിയമ

LIBRARY ARCHIVES Kerala Legislative Assembly

സഭ സമ്മേളിച്ചപ്പോഴും ബില്ല് വതരിപ്പിക്കയും ചെയ്യാമായിരുന്നു. എങ്കിൽ ഇപ്പോഴും കാണുന്ന വൈഷമ്യങ്ങളും ഒഴിവാക്കാമായിരുന്നു. ഈ കൺഫ്യൂഷനും ഉണ്ടാകുമായിരുന്നില്ല. മുഖ്യമന്ത്രി പറഞ്ഞ കാര്യങ്ങളും തൃപ്തികരമല്ല. യഥാർത്ഥത്തിൽ ഉപേക്ഷ വന്നിട്ടുണ്ട്. ആ കാര്യം പ്രത്യേകം ശ്രദ്ധിച്ചിരുന്നു എങ്കിൽ, ഈ കണ്ട തകരാറുകളെല്ലാം ഒഴിവാക്കാമായിരുന്നു.

ശ്രീ. ആർ. ശങ്കർ : മാഡം, 1963-ലാണ് ഈ ബിൽ കൊണ്ടുവന്നത്. അപ്പോഴംതന്നെ, ജനറൽ സെയിൽടാക്സ് ബില്ലും ഈ സഭയുടെ ആലോചനയിൽ ഇരിക്കുകയായിരുന്നു. ആ ബിൽ പാസ്സായി, 1963 എപ്രിൽമാസം 1-ാംതീയതി മുതൽ നടപ്പിലായി. പിന്നെ മറ്റേ ബില്ലിനു പ്രസക്തിയില്ലാതെ പോയി. ഇതു് ഏറ്റവും മുൻപേ ചെയ്യാൻ കഴിയുമായിരുന്നതു് കഴിഞ്ഞ സെപ്റ്റംബറിലെ സെഷനിലാണ്. അതിനുമുമ്പു കൊണ്ടുവരാൻ സാധിക്കുമായിരുന്നില്ല. സെപ്റ്റംബറിലെ സെഷനിൽ കൊണ്ടുവരാൻ സാധിക്കാതെ പോയതു്, അഗ്രേറിയൻ റിലേഷൻ ബില്ലിന്റെ ചർച്ച നടന്നു കൊണ്ടിരുന്നതിനാലാണു്. അതുകഴിഞ്ഞു് ഓർഡിനൻസ് വന്നു. ഇതിൽ വളരെ അനാവശ്യമായ കാലതാമസം വരുത്തിയിട്ടുണ്ടെന്നു പറയുന്നതു ശരിയല്ല. ഒരുപക്ഷേ, അല്പംകൂടി മുൻപേ ഇതു കൊണ്ടുവരാൻ സാധിക്കുമായിരുന്നു എന്നുള്ളതു ശരിയാണു്. ഏതായാലും വേറെ ദുരുദ്ദേശം ഒന്നും ഇല്ലാത്തതുകൊണ്ടു് ഇപ്പോഴും ഈ ആക്റ്റു നടപ്പിൽ വരുത്തുന്നതിനു്—പ്രത്യേകം ആക്ഷേപം കൂടാതെ വരാതെ സൂക്ഷിക്കാം—ഇതിന്റെ മൂന്നാം വായന പാസ്സാക്കി ഇതു് അംഗീകരിക്കണമെന്നു് ഞാൻ അപേക്ഷിക്കുകയാണു്.

The question that the General Sales Tax (Validation) Bill, 1964 be passed was put and carried.

The Bill was passed.

The Kerala Panchayat Union Councils and Zilla Parishads Bill, 1964—(*Contd.*)

Deputy Speaker : Now we can pass on to the next item, i. e. motion for reference to Select Committee of the Kerala Panchayat Union Councils and Zilla Parishads Bill, 1964.

ശ്രീ. കെ. കൃഷ്ണപിള്ള : മാഡം, ഈ ബിൽ പൊതുജനാഭിപ്രായം അറിയാൻവേണ്ടി സർക്കുലേറ്റു ചെയ്യണമെന്നു് ഒരു മോഷൻ കഴിഞ്ഞ ദിവസം ഞാൻ അവതരിപ്പിച്ചിരുന്നു. ഈ ബിൽ സെലക്റ്റുകമ്മിറ്റിക്കയയ്ക്കണമെന്ന ഉപക്ഷേപം അവതരിപ്പിച്ചുകൊണ്ടു് ബഹുമാനപ്പെട്ട മന്ത്രി സംസാരിച്ചപ്പോൾ ഇതിന്റെ പ്രാധാന്യത്തെ അദ്ദേഹം ചൂണ്ടിക്കാണിക്കുകയുണ്ടായി. അദ്ദേഹം പറഞ്ഞതുപോലെ നമ്മുടെ സംസ്ഥാനത്തെ സ്വയംഭരണസ്ഥാപനങ്ങളുടെ വളർച്ചയ്ക്കും വികസനത്തിനും നിദാനമായിത്തീരേണ്ട ഏറ്റവും പ്രധാനപ്പെട്ട ഒരു നിയമനിർമ്മാണനടപടിയിലേയ്ക്കാണു് ഈ സഭ പ്രവേശിക്കാൻ പോകുന്നതു്. അതുകൊണ്ടുതന്നെയാണു് ഈ ബിൽ കൂടുതൽ പരിഗണനയ്ക്കു വേണ്ടി പൊതുജനാഭിപ്രായം അറിയുന്നതിനു് അയയ്ക്കണമെന്ന മോഷൻ അവതരിപ്പിക്കാൻ ഇടയായതു്. പഞ്ചായത്തുരാജ് സ്ഥാപിക്കുന്ന ആശയം നമ്മുടെ രാജ്യത്തു ആലോചനാവിഷയമായിട്ടു വളരെക്കാലമായി. ഞാൻ ഓർക്കുന്നു : 1960 ജനുവരി 18-ാംതീയതിയാണെന്നു തോന്നുന്നു, നമ്മുടെ പ്രധാനമന്ത്രി കേരളത്തിൽവന്ന അവസരത്തിൽ എറണാകുളത്തുവച്ചു് പഞ്ചായത്തുരാജ് ഔപചാരികമായി ഉൽഘാടനം ചെയ്യുകയുണ്ടായി. എന്തിനു വേണ്ടിയാണു് അന്നു് പഞ്ചായത്തുരാജ് ഉൽഘാടനം ചെയ്യിച്ചതു് എന്നു് എനിക്കു മനസ്സിലായില്ല. ഒരുപക്ഷേ അതിന്റെ അടിസ്ഥാനത്തിലായി

LIBRARY ARCHIVES Kerala Legislative Assembly